# കേരള സർവകലാശാല

നം. പി.ആർ.110/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ/എം.എസ്‌സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എം.സി.ജെ/എം.പി.എ/എം.എ(എച്ച്.ആർ.എം) പരീക്ഷ

മേയ് 21-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്‌സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എം.സി.ജെ/എം.പി.എ/എം.എ (എച്ച്.ആർ.എം) ഡിഗ്രി പരീക്ഷകളുടെ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, മേഴ്‌സിചാൻസ്) വിശദമായ ടൈംടേബിൾ വെബ്‌സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ നാലാം സെമസ്റ്റർ സൂക്ഷ്മ പരിശോധന

2017 ജൂലൈയിൽ നടത്തിയ ബി.എ (സി.ബി.സി.എസ്.എസ്) നാലാം സെമസ്റ്റർ റഗുലർ / സപ്ലിമെന്ററി പരീക്ഷയുടെയും 2017 ഒക്ടോബറിൽ നടത്തിയ ബി.എ (സി.ബി.സി.എസ്.എസ്) നാലാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടേയും (2010 സ്കീം)സൂക്ഷ്മ പരിശോധനയ്ക്കു വേണ്ടി ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഇ.ജെ V സെക്ഷനിൽ (റീവാല്യുവേഷൻ) മെയ് 17 മുതൽ 31 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാക്കേണ്ടതാണ്.

### പി.എച്ച്.ഡി നൽകി

അനുപമ.എൽ (ഇംഗ്ലീഷ്), സുരേഷ് കുമാർ.എസ് (കൊമേഴ്സ്), വിജി.വി (എഡ്യൂക്കേഷൻ), രശ്മി.കെ.ശശി (ഇക്കണോമിക്സ്), സുചിത്ര ദേവി.എസ് (ഇക്കണോമിക്സ്), നന്ദകുമാർ.ബി.വി (ഹിസ്റ്ററി), അന്നു രാജു (കെമിസ്ട്രി), സിജ.എസ്.എൽ, രേഷ്മ.ആർ.എസ്, ദീപ്തി.എസ്, ശ്രീലത.കെ.എച്ച് (ബയോടെക്നോളജി), പ്രദീപ് കുമാർ.ആർ (നാനോസയൻസ് ആന്റ് നാനോടെക്നോളജി), ആകാശ് രാജൻ (മെക്കാനിക്കൽ എൻജിനീയറിംഗ്) എന്നിവർക്ക് പി.എച്ച്.ഡി നൽകി.

### കമ്മ്യൂണിക്കേറ്റീവ് അറബിക് - ജൂലൈ ബാച്ച്

അറബിക് പഠന വകുപ്പ് ജൂലൈ ഒന്നിന് ആരംഭിക്കുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് സർട്ടിഫിക്കറ്റ് കോഴ്‌സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് ഫീസായ 6000/- രൂപ കെ.യു.എഫിൽ അടച്ച് രസീത് ഉൾപ്പെടെ അപേക്ഷയോടൊപ്പം കാര്യവട്ടം അറബിക് പഠനവകുപ്പിൽ സമർപ്പിക്കണം. അപേക്ഷാഫോമും വിശദവിവരങ്ങളും യൂണിവേഴ്സിറ്റിയുടെ അറബിക് പഠനവകുപ്പിന്റെ ലിങ്കിൽ ലഭ്യമാണ്. സീറ്റുകൾ. 15, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ അഞ്ച്. വിശദവിവരങ്ങൾക്ക്: 9446827141.

## വാക്ക്-ഇൻ-ഇന്റർവ്യൂ

ക്യാമ്പസ് നഴ്സറി സ്കൂൾ 'അദ്ധ്യാപക - ആയ' പോസ്റ്റിലേക്കുള്ള നിയമനത്തിന്റെ കൂടിക്കാഴ്ച മേയ് 17-ന് 11 മണിക്ക് കാര്യവട്ടം ക്യാമ്പസ് നഴ്സറി സ്കൂളിൽ വച്ച് നടക്കും. ഇന്റർവ്യൂ കാർഡ് ലഭിച്ചിട്ടുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അന്നേ ദിവസം 10 മണിക്ക് കാര്യവട്ടം ക്യാമ്പസ് നഴ്സറി സ്കൂളിൽ എത്തണം.

## ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡ്

മികച്ച കോളേജ് യൂണിയൻ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർവകലാശാല 2015-16 മുതൽ മികച്ച പാർലമെന്റേറിയനും മുൻസ്പീക്കറുമായിരുന്ന ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അവാർഡിനായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടത് ഓൾസെയിന്റ്സ് കോളേജിലെ 2015-16-ലെ യൂണിയനാണ്. 25000 രൂപയും, എവർറോളിങ് ട്രോഫിയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.നാളെ(16.05.2018) വൈകിട്ട് മൂന്ന് മണിക്ക് സർവകലാശാല സെനറ്റ് ചേമ്പറിൽ അവാർഡ് വിതരണം നടക്കും.പ്രസ്തുത ചടങ്ങിൽ ജി. കാർത്തികേയൻ അവർകളുടെ കുടുംബാംഗങ്ങൾ, എം.എൽ.എ മാർ എന്നിവരുടെ മഹനീയ സാന്നിധ്യം ഉണ്ടായിരിക്കും.വൈസ് ചാൻസലർ (ഇൻ-ചാർജ്) പ്രൊഫ. (ഡോ).ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനവും അവാർഡ് വിതരണവും നടത്തും. രജിസ്ട്രാർ ഡോ. ആർ.ജയചന്ദ്രൻ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ, സിൻഡിക്കേറ്റ് മെമ്പർ ശ്രീ കെ.എസ് ഗോപകുമാർ അദ്ധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റ് മെമ്പർമാരായ ശ്രീ.ബി.എസ് ജ്യോതികുമാർ, ഡോ.ആർ.ലതാദേവി, ഡോ.പി.രാജേഷ്കുമാർ, ഡോ.കെ. മാണിക്യരാജ് എന്നിവർ ആശംസകൾ അർപ്പിക്കും. ഡി.എസ്.എസ് ഡയറക്ടർ ശ്രീ. ആർ.സിദ്ദിഖ് കൃതജ്ഞത രേഖപ്പെടുത്തും.

## ബി.പി.എ പരീക്ഷ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യ നിർണയം, വൈവ വോസി പരീക്ഷകൾ മേയ് 24 ന് ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ പരീക്ഷാഫലം

2017 ഒക്ടോബറിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് നാലാം സെമസ്റ്റർ മലയാളം & മാസ്കമ്മ്യൂണിക്കേഷൻ, രണ്ടാം സെമസ്റ്റർ ബി.കോം കോമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കേറ്ററിംഗ് (2013 അഡ്മിഷനു മുമ്പ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
15.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**